**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2976 | 28.01.2014-ൽ മറുപടിക്ക്

## തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ വർഷങ്ങളായി നിർമ്മാണ പ്രവൃത്തികൾ നിലച്ച സ്റ്റാഫ് ക്വാർട്ടേഴ്സിന്റേയും ഹോസ്റ്റലിന്റേയും പുനർനിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ നൽകിയിട്ടും പുതുക്കിയ ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന കരാറുകാരൻ കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി കണ്ടതിനെത്തുടർന്ന് ടി കരാർ റദ്ദാക്കേണ്ടതായി വന്നു. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് 24.01.2014 ൽ പൊതുമരാമത്ത് വകുപ്പ് ഈ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ